# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 14.11.2024** | പ്രധാന വാർത്തകൾ | **TIME :07.25 AM**

1. പ്രധാനമന്ത്രി നരേന്ദ്രമോദി ബീഹാറിലെ ജമുയയിൽ നാളെ നടക്കുന്ന ജൻജാതീയ ഗൗരവ് ദിവസ് ആഘോഷങ്ങളിൽ പങ്കെടുക്കും.

   **Prime Minister Narendra Modi will participate in the Janjatiya Gaurav Divas celebrations in Jamuya, Bihar tomorrow.**

2. ഒന്നാംഘട്ട നിയമസഭാ തിരഞ്ഞെടുപ്പ് നടന്ന ഝാർഖണ്ഡിൽ പോളിംഗ് 66 ശതമാനം. മഹാരാഷ്ട്രയിൽ നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതം.

   **66 percent polling recorded for the first phase of Jharkhand assembly elections. Campaigning in full swing for Maharashtra assembly election.**

3. കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടന്ന വയനാട് ലോക്സഭാ മണ്ഡലത്തിൽ 64.72 ശതമാനവും ചേലക്കര നിയമസഭാ മണ്ഡലത്തിൽ 72.77 ശതമാനവും പോളിംഗ്.

   **A voter turn out of 64.72 percent in Wayanad Lok Sabha constituency and 72.77 percent in Chelakkara assembly constituency recorded for by elections held in Kerala.**

4. 43-ാമത് ഇന്ത്യ അന്താരാഷ്ട്ര വ്യാപാര മേളയ്ക്ക് ഇന്ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ തുടക്കമാകും.

   **The 43rd India International Trade Fair will begin today at the Bharat Mandapam in New Delhi.**

5. 2024 ലെ ബൂക്കർ പുരസ്കാരം ബ്രിട്ടീഷ് സാഹിത്യകാരി സമാൻത്ത ഹാർവെയ്ക്ക്.

**British author Samantha Harvey has won the 2024 Booker Prize.**

6. ഇന്ന് ശിശു ദിനം. രാജ്യത്തുടനീളം വിപുലമായ ആഘോഷ പരിപാടികൾ.

**Today is Children's Day. Wide range of celebrations will be held across the country.**

7. ഇന്ത്യ -ദക്ഷിണാഫ്രിക്ക മൂന്നാം ട്വന്റി-20 ക്രിക്കറ്റ് മത്സരത്തിൽ ഇന്ത്യയ്ക്ക് ജയം.

**India defeated South Africa in the 3rd T- 20 Cricket Match.**

*******************************************************************

## PRESIDENT - VISIT

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ദാദ്ര നഗർ ഹവേലി, ദാമൻ ദിയു സന്ദർശനം ഇന്ന് സമാപിക്കും. മൂന്ന് ദിവസത്തെ സന്ദർശനത്തിനായാണ് കേന്ദ്രഭരണ പ്രദേശമായ ദാദ്ര നഗർ ഹവേലി, ദാമൻ ദിയുവിൽ രാഷ്ട്രപതി എത്തിയത്. ഇന്നലെ സിൽവാസയിലെ നമോ മെഡിക്കൽ എജ്യുക്കേഷൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിച്ച ശ്രീമതി മുർമു വിദ്യാർഥികളുമായും അധ്യാപകരുമായും സംവദിച്ചു. സാന്ദ ചൗക്ക് സ്കൂളിന്റെ ഉദ്ഘാടനം നിർവ്വഹിച്ച ശ്രീമതി ദ്രൗപദി മുർമു സിൽവാസയിലെ പൊതുപരിപാടിയിലും പങ്കെടുത്തു. ദിയുവിലെ ഐഎൻഎസ് ഖുക്രി സ്മാരകം രാഷ്ട്രപതി സന്ദർശിച്ചു.

*******************************************************************

## JAN JATHIYA DIVAS-PM

പ്രധാനമന്ത്രി നരേന്ദ്രമോദി ബീഹാറിലെ ജമുഅയിൽ നാളെ നടക്കുന്ന ജൻജാതീയ ഗൗരവ് ദിവസ് ആഘോഷങ്ങളിൽ പങ്കെടുക്കും. പ്രമുഖ ഗോത്ര വർഗ നേതാവും സ്വാതന്ത്ര്യ സമര സേനാനിയുമായ ബിർസ മുണ്ടയുടെ ജന്മ വാർഷിക ദിനമാണ് രാജ്യം ജൻജാതീയ ഗൗരവ് ദിവസമായി ആഘോഷിക്കുന്നത്. ബിർസ മുണ്ടയുടെ സ്മരണാർത്ഥം തപാൽസ്റ്റാമ്പും സ്മാരക നാണയവും പ്രധാനമന്ത്രി പുറത്തിറക്കും. ഗോത്രവർഗ വിഭാഗങ്ങളിലെ ഉന്നമനത്തിനായുള്ള 6,640 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്കും ശ്രീ.നരേന്ദ്രമോദി തുടക്കം കുറിക്കും. രാജ്യത്തുടനീളമുള്ള 100 ജില്ലകളിലെ ജനങ്ങളുമായി പ്രധാനമന്ത്രി സംവദിക്കും. ഇതോടനുബന്ധിച്ച് ഇടുക്കിയിലും കാസർഗോഡും സംഘടിപ്പിക്കുന്ന പരിപാടികളിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ മുഖ്യാതിഥിയാകും.

*************************************************

## JHARKHAND POLLING

ഒന്നാംഘട്ട നിയമസഭാ തിരഞ്ഞെടുപ്പ് നടന്ന ഝാർഖണ്ഡിൽ 66 ശതമാനത്തിനടുത്ത് പോളിംഗ് രേഖപ്പെടുത്തി. 15 ജില്ലകളിലെ 43 മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ് നടന്നത്. 683 സ്ഥാനാർത്ഥികളാണ് ഝാർഖണ്ഡിൽ ഒന്നാം ഘട്ടത്തിൽ ജനവിധി തേടിയത്. 31 മണ്ഡലങ്ങളിലെ 950 പ്രശ്നബാധിത ബൂത്തുകളിൽ ഒഴികെയുള്ളിടത്ത് പോളിംഗ് വൈകിട്ട് 5 മണിയോടെ അവസാനിച്ചു. രണ്ടാംഘട്ട പ്രചാരണത്തിനായി കേന്ദ്രമന്ത്രിയും മുതിർന്ന ബി.ജെ.പി നേതാവുമായ അമിത് ഷാ ഇന്ന് ഝാർഖണ്ഡിലെ തിരഞ്ഞെടപ്പ് റാലിയിൽ പങ്കെടുക്കും.

*************************************************

## MAHA- CAMPAIGNING

മഹാരാഷ്ട്രയിൽ 288 അംഗ നിയമസഭയിലേക്ക് ഈ മാസം 20 ന് നടക്കുന്ന തിരഞ്ഞെടുപ്പിന് പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ കക്ഷികൾ. ബി.ജെ.പി യുടെ മുതിർന്ന നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്രമോദി ഇന്ന് വിവിധ തിരഞ്ഞെടുപ്പ് റാലികളെ അഭിസംബോധന ചെയ്യും. ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി രണ്ടിടങ്ങളിലെ തിരഞ്ഞെടുപ്പ് റാലികളിൽ ഇന്ന് പങ്കെടുക്കും.

*****************************************************

## WAYANAD + CHELAKKARA VOTING

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടന്ന വയനാട് ലോക്സഭ മണ്ഡലത്തിലും ചേലക്കര നിയമസഭ മണ്ഡലത്തിലും ഭേദപ്പെട്ട പോളിംഗ്. ദേശീയ രാഷ്ട്രീയം ഏറെ ഉറ്റുനോക്കുന്ന വയനാട് ലോക്സഭ മണ്ഡലത്തിൽ 64.72 ശതമാനം പോളിംഗ്. ഉച്ചയ്ക്ക് ശേഷം പോളിംഗ് ബൂത്തുകളിൽ സമ്മതിദായകരുടെ നീണ്ട നിരയാണ് കാണാൻ സാധിച്ചത്. പോളിംഗ് സമയം പൂർത്തിയായെങ്കിലും വരിയിൽ നിന്നവർക്ക് ടോക്കൺ നൽകി സമ്മതിദാന അവകാശം വിനിയോഗിക്കാൻ അവസരം ഒരുക്കിയിരുന്നു. 16 സ്ഥാനാർത്ഥികളാണ് വയനാട് ഉപതിരഞ്ഞെടുപ്പിൽ മത്സരിക്കുന്നത്. യു ഡി എഫിനായി പ്രിയങ്ക ഗാന്ധിയും എൽ.ഡി.എഫിനായി സത്യൻ മൊകേരിയും എൻ ഡി എയ്ക്കായി നവ്യ ഹരിദാസും ജനവിധി തേടുന്നു. ചേലക്കരയിൽ ഇന്നലെ നടന്ന വോട്ടെടുപ്പിൽ 72.77 ശതമാനം പോളിംഗ് രേഖപ്പെടുത്തി. മണ്ഡലത്തിൽ എൽഡിഎഫിനായി യു.ആർ പ്രദീപും, യു.ഡി.എഫിനായി രമ്യ ഹരിദാസും, എൻ.ഡി.എയ്ക്കായി കെ.

ബാലകൃഷ്ണനുമാണ് ജനവിധി തേടുന്നത്. ഇരുമണ്ഡലങ്ങളിലും അനിഷ്ടസംഭവങ്ങൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

*******************************************************

## PM JAN AUSHADHI (INTRO)

രാജ്യത്തെ ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യം ശക്തിപ്പെടുത്തുന്നതിനുള്ള സമഗ്രമായ സമീപനമാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. വിവിധ റെയിൽവേസ്റ്റേഷനുകളിൽ ആരംഭിക്കുന്ന പ്രധാനമന്ത്രി ഭാരതീയ ജൻ ഔഷധി കേന്ദ്രങ്ങളുടെ ഉദ്ഘാടനം ബിഹാറിലെ ധാർബങ്കയിൽ നിന്ന് വീഡിയോ കോൺഫറൻസിങ്ങിലൂടെ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ്)

റെയിൽവേസ്റ്റേഷനുകളിലെ ജൻ ഔഷധി കേന്ദ്രങ്ങൾ യാത്രക്കാർക്ക് ഗുണനിലവാരമുള്ള മരുന്ന് ഉറപ്പാക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

*******************************************************

## PALAKKAD ELECTION

20 ന് വോട്ടെടുപ്പ് നടക്കുന്ന പാലക്കാട് നിയമസഭാ മണ്ഡലത്തിലെ പ്രചാരണം അവസാന ഘട്ടത്തിൽ. വരും ദിവസങ്ങളിൽ മുന്നണികളുടെ താര പ്രചാരകർ മണ്ഡലത്തിൽ എത്തും.

*******************************************************

## COACHING INSTITUTE GUIDELINES

രാജ്യത്തെ മത്സര പരീക്ഷാ പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് മാർഗ നിർദേശങ്ങൾ പുറപ്പെടുവിച്ച് കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റി. എല്ലാ കോച്ചിംഗ് സ്ഥാപനങ്ങളും അവരുടെ വിദ്യാർത്ഥികളെയും കോഴ്സുകളെയും കുറിച്ചുള്ള പ്രസക്തമായ വിവരങ്ങൾ വെളിപ്പെടുത്തണമെന്ന് CCPA മാർഗ്ഗനിർദ്ദേശത്തിൽ പറയുന്നു. അതോറിറ്റി നടത്തിയ അന്വേഷണത്തിൽ രാജ്യത്തെ വിവിധ കോച്ചിംഗ് സ്ഥാപനങ്ങൾ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ വാസ്തവ വിരുദ്ധമായ വാഗ്ദാനങ്ങൾ നൽകുന്നുവെന്ന് കണ്ടെത്തിയതായി ഉപഭോക്തൃ കാര്യ സെക്രട്ടറി നിധി ഖാരെ പറഞ്ഞു.

***********************************************

## SRI LANKA - POLLING

ശ്രീലങ്കയിൽ പ്രസിഡന്റ് തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പ് ഇന്ന് നടക്കും. 17 ദശലക്ഷത്തിലധികം വോട്ടർമാർ സമ്മതിദാന അവകാശം വിനിയോഗിക്കും. 225 പാർലമെന്ററി സീറ്റുകളിലേക്ക് 8,800 സ്ഥാനാർത്ഥികളാണ് ജനവിധി തേടുന്നത്. പാർലമെന്റിൽ ഭൂരിപക്ഷം ലഭിക്കുന്നതിന് പുതുതായി തിരഞ്ഞെടുക്കപ്പെട്ട അനുര കുമാര ദിസനായകെയ്ക്ക് ഈ തിരഞ്ഞെടുപ്പ് നിർണായകമാണ്.

***********************************************

## IITF

43-ാമത് ഇന്ത്യ അന്താരാഷ്ട്ര വ്യാപാര മേളയ്ക്ക് ഇന്ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ തുടക്കമാകും. 2047 ൽ

വികസിത ഭാരതം എന്നതാണ് ഇത്തവണത്തെ പ്രമേയം. ഝാർഖണ്ഡിനാണ് ഇത്തവണ പ്രാമുഖ്യം. ബിഹാറും ഉത്തർപ്രദേശുമാണ് പങ്കാളിത്ത സംസ്ഥാനങ്ങൾ. ചൈന, ഈജിപ്റ്റ്, ഇറാൻ, ദക്ഷിണ കൊറിയ, തായ്ലാൻഡ്, യു എ ഇ എന്നീ രാജ്യങ്ങളിലെ പ്രതിനിധികളും 5 ദിവസത്തെ മേളയിൽ പങ്കെടുക്കുന്നുണ്ട്. ഈ മാസം 27 വരെ പൊതുജനങ്ങൾക്ക് മേള സന്ദർശിക്കാൻ അവസരം ലഭിക്കും.

*************************************************

## BOOKER PRIZE

2024 ലെ ബുക്കർ പുരസ്കാരം ബ്രിട്ടീഷ് സാഹിത്യകാരി സമാൻത്ത ഹാർവെയ്ക്ക്. ഓർബിറ്റൽ എന്ന സയൻസ് ഫിക്ഷൻ നോവലിനാണ് പുരസ്കാരം. രാജ്യാന്തര ബഹിരാകാശ നിലയത്തിലെ യാത്രികരുടെ കഥയാണ് പുസ്തകം പ്രതിപാദിക്കുന്നത്. ഭൂമിക്കും സമാധാനത്തിനു വേണ്ടി പ്രവർത്തിക്കുന്നവർക്കായി പുരസ്കാരം സമർപ്പിക്കുന്നതായി സമാൻത്ത പറഞ്ഞു. 50,000 പൗണ്ടാണ് പുരസ്ക്കാര തുക. 2019 നു ശേഷം ആദ്യമായാണ് ഒരു വനിത ബൂക്കർ പ്രൈസിന് അർഹയാകുന്നത്.

*************************************************

## JAISHANKAR – PHILIPINES (INTRO)

ജനാധിപത്യ മൂല്യങ്ങളിൽ വേരൂന്നിയതാണ് ഇന്ത്യ-ഫിലിപ്പീൻസ് ബന്ധമെന്ന് വിദേശകാര്യമന്ത്രി എസ്.ജയ്ശങ്കർ. ന്യൂഡൽഹിയിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള നയതന്ത്ര ബന്ധത്തിന്റെ 75-ാമത് വാർഷിക ആഘോഷ പരിപാടികളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ്)

പ്രതിരോധം, സുരക്ഷ തുടങ്ങിയ മേഖലകളിലെ ഇന്ത്യ-ഫിലിപ്പീൻസ് ബന്ധം ഏറെ മുന്നോട്ട് പോയിട്ടുണ്ടെന്ന് ശ്രീ.ജയ്ശങ്കർ പറഞ്ഞു. ഇന്ത്യ – ഫിലിപ്പീൻസ് നയതന്ത്ര ബന്ധത്തിലെ 75-ാം വാർഷികത്തിന്റെ ലോഗോ വിദേശകാര്യമന്ത്രി പ്രകാശനം ചെയ്തു.

*****************************************************

## CHILDRENS DAY

ഇന്ന് ശിശു ദിനം. ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമാണ് ശിശുദിനമായി രാജ്യമെമ്പാടും ആഘോഷിക്കുന്നത്. ഇതിന്റെ ഭാഗമായി രാജ്യമെമ്പാടും വിപുലമായ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കേരളത്തിൽ ശിശുദിന ആഘോഷങ്ങളുടെ ഭാഗമായി ഇന്ന് രാവിലെ തിരുവനന്തപുരം കനകക്കുന്നിൽ സംഘടിപ്പിക്കുന്ന പൊതുസമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ശിശുദിന സന്ദേശം നൽകും. ശിശുദിന സ്റ്റാമ്പും ചടങ്ങിൽ പ്രകാശനം ചെയ്യും.

*****************************************************

## CRICKET - INDIA-SOUTH AFRICA

ഇന്നലെ നടന്ന മൂന്നാം ടി-20 ഇന്റർനാഷണൽ ക്രിക്കറ്റ് മത്സരത്തിൽ 11 റൺസിന് ഇന്ത്യ ദക്ഷിണാഫ്രിക്കയെ പരാജയപ്പെടുത്തി. ഇതോടെ നാല് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇന്ത്യ 2-1 ന് മുന്നിലെത്തി. 220 റൺസ്

വിജയലക്ഷ്യം പിന്തുടർന്ന ദക്ഷിണാഫ്രിക്ക നിശ്ചിത ഇരുപത് ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 208 റൺസെടുത്തു. പരമ്പരയിലെ നാലാമത്തേതും അവസാനത്തേതുമായ മത്സരം നാളെ ജൊഹാന്നസ്ബർഗിൽ നടക്കും.

*****************************************************

## WORLD DIABETES DAY- KERALA

സംസ്ഥാനത്തെ പ്രമേഹരോഗ നിയന്ത്രണ പദ്ധതികളെ ശാക്തീകരിക്കുന്നതിന് ഒരു വർഷം നീണ്ടുനിൽക്കുന്ന സംയോജിത തീവ്രയജ്ഞ പരിപാടി നടപ്പിലാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഇന്ന് തുടങ്ങി അടുത്ത വർഷത്തെ പ്രമേഹ ദിനം വരെ നീളുന്നതാണ് പദ്ധതി. പ്രമേഹ രോഗത്തിന് പുറമേ പ്രമേഹ രോഗികൾക്കുണ്ടാകുന്ന വൃക്കരോഗങ്ങൾ, ഡയബറ്റിക് റെറ്റിനോപ്പതി തുടങ്ങിയ സങ്കീർണതകൾ കൂടി കണ്ടെത്തി ചികിത്സിക്കുന്നതിന് ആവശ്യമായ പരിശീലനവും സാങ്കേതിക സഹായവും നൽകുമെന്ന് മന്ത്രി വ്യക്തമാക്കി. പ്രമേഹരോഗികൾക്ക് വിദഗ്ധ ചികിത്സ നൽകുന്നതിന് ആരോഗ്യ വകുപ്പിലെ എല്ലാ സ്ഥാപനങ്ങളും സുസജ്ജമാണെന്നും ഏകദേശം 21 ലക്ഷത്തോളം വരുന്ന പ്രമേഹരോഗികൾക്ക് ഇതിന്റെ സൗജന്യം ലഭിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

*****************************************************

## KERALA RAIN

സംസഥാനത്ത് അടുത്ത അഞ്ച് ദിവസം ഇടിമിന്നലോടു കൂടിയ നേരിയ, ഇടത്തരം മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, ഇടുക്കി,

പാലക്കാട്, കോഴിക്കോട്, വയനാട് എന്നിവിടങ്ങളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. അടുത്ത മൂന്നു ദിവസം മൽസ്യതൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

*******************************************************************

## MT PADMA

മുൻ മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ MT പത്മയുടെ ഭൗതിക ശരീരം രാവിലെ 11 ന് കോഴിക്കോട് വെസ്റ്റ്ഹിൽ ശ്മശാനത്തിൽ പൂർണ ഓദ്യോഗിക ബഹുമതികളോടെ സംസ്കരിക്കും. മുംബൈയിൽ അന്തരിച്ച പത്മയുടെ ഭൗതിക ശരീരം ഇന്നലെ വൈകിട്ടാണ് കരിപ്പൂരിൽ എത്തിച്ചത്.

*******************************************************************

*********************************************************************************************************************************************************************

******************************